# NEO CRADLE

"A comprehensive newborn care management system"




**ഡോ.നവീൻ.എ**

MBBS, DCH, PGDHQM (TISS Mumbai)

ജില്ലാ പ്രോഗ്രാം മാനേജർ
ദേശീയ ആരോഗ്യ ദൗത്യം
കോഴിക്കോട്


കോഴിക്കോട് ജില്ലാ ഭരണകൂടവും ജില്ലാ ആരോഗ്യ വകുപ്പും ദേശീയ ആരോഗ്യ ദൗത്യവും ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സിന്റെയും നാഷണൽ നിയോനേറ്റൽ ഫോറത്തിന്റെയും സഹകരണത്തോടെ സംയുക്തമായി ആരംഭിക്കുന്ന പദ്ധതിയാണ് നിയോ ക്രാഡിൽ. നവജാത ശിശുക്കളിൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്ന ശരീരോഷ്മാവ് കുറയുന്ന അവസ്ഥ, രക്തത്തിലെ ഗ്ലൂക്കോസ് കുറയുന്ന അവസ്ഥ, ഓക്സിജൻ കുറയുന്ന അവസ്ഥ എന്നീ പ്രധാനപ്പെട്ട ഐ.സി.യു കെയർ ആവശ്യമായ കുഞ്ഞുങ്ങളെ പ്രത്യേകം സജ്ജീകരിച്ച ഐ.സി.യു ആംബുലൻസിൽ ജില്ലയിലെ ടേർഷ്യറി കെയർ ആശുപത്രിയിൽ എത്തിച്ച് മികച്ച പരിചരണം ഉറപ്പാക്കുകയാണ് പ്രധാന ലക്ഷ്യം. നിയോക്രാഡിൽ പദ്ധതി ആരംഭിക്കുന്നതോടെ ജില്ലയിലെ എല്ലാ പ്രസവം നടക്കുന്ന ആശുപത്രികളുടേയും നിലവാരം ഒരു പടികൂടി മുന്നോട്ട് പോകും. പദ്ധതിക്കായി ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ പ്രത്യേകം വെബ്സൈറ്റ് ഇതിനോടകം തയ്യാറായി കഴിഞ്ഞു. ജില്ലയിലെ എല്ലാ ആശുപത്രികളിലേയും ഐ.സി.യു. ബെഡ് ഒഴിവുകൾ അറിയാനും കുഞ്ഞുങ്ങളെ മറ്റ് ആശുപത്രികളിലേക്ക് റഫർ ചെയ്യുന്നതിന് മുൻപ് ആശുപത്രി വിഭാഗവുമായി ടെലികോളിംഗ് സംവിധാനത്തിലൂടെ നേരിട്ട് സംഭാഷണം നടത്താനും കുഞ്ഞുങ്ങൾക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ആശുപത്രിയിൽ ഉറപ്പ് വരുത്താനും സാധിക്കും. ടെർഷ്യറി സെന്ററുകളിൽ എം എൻ സി യു, മുലപ്പാൽ ബാങ്ക് എന്നീ സൗകര്യങ്ങൾ ആരംഭിക്കുക, ജില്ലയിലെ മുഴുവൻ സർക്കാർ സ്വകാര്യ ആശുപത്രികളിലെ നവജാത ഐ സി യു നെറ്റ് വർക്കിങ്ങിനുള്ള സമ്പൂർണ ഐ ടി പ്ലാറ്റഫോം, വെബ്സൈറ്റിലൂടെ ഗർഭിണികൾ, നവജാതശിശുക്കൾ, കുട്ടികൾ എന്നിവർക്ക് ആരോഗ്യമായി ബന്ധപ്പെട്ടുള്ള നിർദേശങ്ങൾ, വിദഗ്ധരുടെ ലേഖനങ്ങൾ, കൂടാതെ നവജാത ശിശു പരിചരണ വിഭാഗത്തിന്റ ഉന്നമനം, പ്രോട്ടോകോൾ ബേസ്ഡ് മാനേജ്മന്റ് സിസ്റ്റം, വിവിധ വിഭാഗം സ്റ്റാഫുകൾക്ക് സർട്ടിഫൈഡ് പരിശീലനങ്ങൾ എന്നിവയാണ് എൻ ഐ സി യു നെറ്റ് വർക്കിന്റെ മറ്റ് ഘടകങ്ങൾ. കോഴിക്കോട് ജില്ലാ ദേശീയ ആരോഗ്യ ദൗത്യത്തിനാണ് ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല നൽകിയിട്ടുള്ളത്.

നിയോക്രാഡിൽ പദ്ധതി പ്രാവർത്തികമാക്കുന്നതിനായി പ്രസവം നടക്കുന്ന എല്ലാ ആശുപത്രികളിലെയും സംവിധാനങ്ങൾ ബന്ധിപ്പിക്കാൻ പ്രത്യേകം വെബ്സൈറ്റ് നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ (NIC) മുഖേന തയ്യാറാക്കിയിട്ടുണ്ട്.

ജില്ലാ ഭരണകൂടം
കോഴിക്കോട്